**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4367** **01-07-2024 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണ വില്പനയിലൂടെ ലഭിച്ച നികുതി വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആളോഹരി സ്വർണ്ണ ഉപഭോഗത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്ത് ആകെ സ്വർണ്ണ വില്പനയുടെ ഇരുപത് ശതമാനത്തിനുപോലും നികുതി ഈടാക്കുവാൻ സർക്കാർ സംവിധാനം പരാജയപ്പെട്ടതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സ്വർണ്ണത്തിന്റെ വില്പനയുമായി ബന്ധപ്പെട്ടുള്ള നികുതി സർക്കാർ ഖജനാവിലേക്ക് എത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ഇൻസ്പെക്ഷൻ, സെർച്ച് എന്നിവ നടത്തി വെട്ടിച്ച നികുതി അടപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്വർണ്ണവുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് തടയുന്നതിനായി മറ്റു ചരക്കുകളുടെ കാര്യത്തിൽ എന്നതു പോലെ സ്വർണ്ണത്തിന്റെ ചരക്കു നീക്കത്തിനും ഇ-വേ ബിൽ നിർബന്ധമാക്കണം എന്ന ആവശ്യം കേരളം ജി.എസ്.ടി കൗൺസിൽ മുമ്പാകെ അവതരിപ്പിച്ചതിനെ തുടർന്നാണ് സ്വർണ്ണത്തിന്റെയും മറ്റു വിലപിടിപ്പുള്ള രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി കൗൺസിൽ സ്വീകരിച്ചത്; |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സ്വർണ്ണ വില്പനയിലൂടെ ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവ്വഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ എല്ലാ നികുതിദായകരും രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണ വില്പന യിലൂടെ മാത്രം ലഭിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല. ആയതിനാൽ സ്വർണ്ണത്തിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | വരുമാനത്തിന്റെ സ്ഥിരീകരിച്ച കണക്കുകൾ പ്രത്യേകമായി വകുപ്പിൽ ലഭ്യമല്ല; |
| (സി) | സംസ്ഥാനത്തെ സ്വർണ്ണ കച്ചവടത്തിന് ആനുപാതികമായി നികുതി ഈടാക്കുവാൻ സാധിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ധനകാര്യ പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഈ വിഷയത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5% ആയിരുന്നു നികുതി നിരക്ക്. ജി.എസ്.ടി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ 3% നികുതി മാത്രമേ ഈടാക്കുവാൻ സാധിക്കുകയുള്ളു. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളു. സ്വർണത്തിന്റെ വില്പനയുമായി ബന്ധപ്പെട്ടുള്ള നികുതി വെട്ടിപ്പ് ഗൗരവത്തോടെ കാണുകയും ടി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ് വിഭാഗം ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെ ശക്തമായ ആവശ്യം കൂടി കണക്കിലെടുത്താണ് 50-ാമത് ജി.എസ്.ടി കൗൺസിലിൽ HSN Chapter 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചത്. ഇതനുസരിച്ച് ചട്ടം 138 F ഉൾപ്പെടുത്തിക്കൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം.38/2023 സെൻട്രൽ ടാക്സ് പ്രകാരം സി.ജി.എസ്.ടി റൂളിലും 30.09.2023 ലെ എസ്.ആർ.ഒ. 1062/2023 പ്രകാരം എസ്.ജി.എസ്.ടി റൂളിലും കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തു ജി.എസ്.ടി ചട്ടം 138 F പ്രകാരം ഈ-വേ ബിൽ ബാധകമാകുന്ന കുറഞ്ഞ പരിധി രണ്ടു ലക്ഷത്തിനു മുകളിൽ എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സ്വർണ്ണത്തിനും മറ്റു വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ ബാധകമാകുന്നതാണ്. ഇതനുസരിച്ച രജിസ്റ്റേർഡ് ടാക്സ്പെയേഴ്സ് മുഖാന്തിരം ഉള്ള സ്വർണ്ണത്തിന്റെയും മറ്റു വില പിടിപ്പുള്ള രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പിലാകും. |

സെക്ഷൻ ഓഫീസർ